DESPATCHED
On..12/5/22..



# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം,

തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

ഹർജി നമ്പർ **AP No. 164(1)/2022/SIC** തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

(ഫയൽ നമ്പർ: 2835/SIC-G4/2022)

(ഉത്തരവുകൾ sic.kerala.gov.in -ൽ ലഭ്യമാണ്)

സന്നിഹിതൻ

ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ

തീയതി : 2022 മേയ് 6

ശ്രീ. ചന്ദ്രമൗലി എസ്.,
അശ്വതി ഭവൻ,
TC 20/2882, CRA-314,
ചുഴാംപാല, മുക്കോല പി.ഒ.,
തിരുവനന്തപുരം – 695 043.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
പോലീസ് സ്റ്റേഷൻ, പേരൂർക്കട,
തിരുവനന്തപുരം സിറ്റി.

2) അപ്പീൽ അധികാരി &
അസിസ്റ്റന്റ് പോലീസ് കമ്മീഷണർ,
അസിസ്റ്റന്റ് പോലീസ് കമ്മീഷണറുടെ കാര്യാലയം,
കന്റോൺമെന്റ് സബ് ഡിവിഷൻ,
തിരുവനന്തപുരം സിറ്റി.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 12/10/2021, 27/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 09/11/2021, 22/11/2021 |
| ഒന്നാം അപ്പീൽ അപേക്ഷ നൽകിയ തീയതി | 22/12/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 05/01/2022 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 15/02/2022 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 15/02/2022 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 23/02/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 14/03/2022 |
| ഹിയറിംഗ് നടന്ന തീയതി | 04/05/2022 വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | പ്രതിനിധി ഹാജരായി<br>ഹാജരായി |

## ഉത്തരവ്

ശ്രീ. ചന്ദ്രമൗലി എസ്., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷയ്ക്ക്

തെറ്റും അപൂർണ്ണവും വാസ്തവവിരുദ്ധമായ മറുപടിയാണ് നൽകിയതെന്നും വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയിൽ ഫീസ് ഒടുക്കിയില്ല എന്നത് ശ്രദ്ധയിൽപ്പെട്ടപ്പോൾ തന്നെ രണ്ടാമത് ഒരപേക്ഷ സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിനും തൃപ്തികരമായ മറുപടി ലഭിക്കാത്തതിനാൽ ഒന്നാം അപ്പീൽ സമർപ്പിച്ചു എന്നും അപ്പീൽ അധികാരി ടിയാന്റെ ഭാഗം കേൾക്കാതെ എസ്.പി.ഐ.ഒ. നൽകിയ തെറ്റായ വിവരം സംരക്ഷിച്ച് അപ്പീൽ തീർപ്പാക്കി എന്നും എതിർകക്ഷികളുടെ ഉത്തരവാദിത്തമില്ലാത്ത പ്രവർത്തികൾ കാരണം ബഹു. തിരുവനന്തപുരം സി.ജെ.എം. കോടതിയിൽ സമർപ്പിക്കേണ്ട രേഖകളിൽ കാലതാമസം നേരിട്ടു എന്നും ആയതിനാൽ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ വിവരാവകാശ നിയമം 20(1) (2) വകുപ്പുകൾ പ്രകാരമുള്ള നടപടി കൈക്കൊള്ളണമെന്നുമാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ 27.10.2021–ന് സമർപ്പിച്ച വിവരാവകാശ അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് താഴെ പറയുന്ന വിവരങ്ങളാണ്:

1) Details of the actions taken of his petition to the Circle Inspector of Police, Peroorkkada Police station which is against Mr. George Thomas on 19th June 2019
2) Did the details of his petition recorded in the direct petition book
3) If yes, copy of the direct petition book.
4) Did any statement regarding the petition was recorded
5) If yes, copy of the same
6) Did the petition disposed
7) If yes, copy of the disposal register.

3. മേൽപ്പടി അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി 09/11/2021 തീയതി നൽകിയ മറുപടിയിൽ അറിയിച്ചത്, സ്റ്റേഷൻ റിക്കാർഡുകൾ പരിശോധിച്ചതിൽ ഇത്തരത്തിലൊരു പരാതി ലഭിച്ചിട്ടില്ലെന്നുമാണ്. മേൽപ്പടി മറുപടിയ്ക്കെതിരെ ഹർജിക്കാരൻ രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷ തീർപ്പാക്കി 05.01.2022 തീയതി രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ, ടി അപ്പീൽ അപേക്ഷയിന്മേൽ പേരൂർക്കട പോലീസ് സ്റ്റേഷനിൽ നിന്നും ലഭിച്ച റിപ്പോർട്ട് പരിശോധിച്ചതിലും ടി പോലീസ് സ്റ്റേഷനിലെ രേഖകൾ പരിശോധിച്ചതിലും ടിയാൻ ആവശ്യപ്പെട്ട തരത്തിലുള്ള ഒരു പരാതി ലഭിച്ചിട്ടില്ലെന്നാണ് അറിയിച്ചിട്ടുള്ളതെന്നാണ്.

4. അസിസ്റ്റന്റ് പോലീസ് കമ്മീഷണർ, കമ്മീഷൻ മുമ്പാകെ 14.3.2022 തീയതി സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപേക്ഷകൻ 28.10.2021 തീയതി പേരൂർക്കട പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ മുമ്പാകെ സമർപ്പിച്ച

അപേക്ഷയിന്മേൽ 22.11.2021 തീയതി ലഭിച്ച മറുപടി തൃപ്തികരമല്ലാത്തതിനാൽ 22.12.2021-ന് ടി ഓഫീസിൽ അപ്പീൽ അപേക്ഷ സമർപ്പിച്ചിരുന്നുവെന്നും ആയത് പരിശോധിച്ചതിൽ അപേക്ഷകൻ 19.6.2019 തീയതി ജോർജ് തോമസ് എന്നയാൾക്കെതിരെ പേരൂർക്കട പോലീസ് സ്റ്റേഷൻ, പോലീസ് സർക്കിൾ ഇൻസ്പെക്ടർക്ക് കൊടുത്ത പരാതിയിന്മേൽ സ്വീകരിച്ച നടപടികളും ആയതിന്റെ തീർപ്പും പകർപ്പുകളുമാണെന്ന് കാണാൻ കഴിഞ്ഞിട്ടുള്ളതിനാൽ 27.12.2021 തീയതി പേരൂർക്കട പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ/എസ്.എച്ച്.ഒ. യിൽ നിന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ആവശ്യപ്പെട്ടിട്ടുള്ളതും ആയതിന്മേൽ 30.12.2021 പ്രകാരം ലഭിച്ച റിപ്പോർട്ടും സ്റ്റേഷൻ റിക്കാർഡുകളും പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു പരാതി ലഭിച്ചിട്ടില്ല എന്ന് രേഖപ്പെടുത്തിയിട്ടുള്ളതും ആയതിന്റെ അടിസ്ഥാനത്തിൽ ആവശ്യപ്പെട്ട തരത്തിലുള്ള ഒരു പരാതി പേരൂർക്കട പോലീസ് സ്റ്റേഷനിൽ ലഭിച്ചിട്ടില്ലെന്നു കാണിച്ച് അപ്പീൽ അപേക്ഷ തീർപ്പാക്കി മറുപടി നൽകിയിട്ടുള്ളതുമാണെന്നും കമ്മീഷനിൽ നിന്നും അയച്ചു കിട്ടിയ കത്തിന്റെ അടിസ്ഥാനത്തിൽ പേരൂർക്കട പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും വിശദമായ റിപ്പോർട്ട് ആവശ്യപ്പെട്ട പ്രകാരം 5.3.2022-ന് റിപ്പോർട്ട് കിട്ടിയിട്ടുള്ളതും ആയതിലും 2019-ലെ Direct Petition Register ഉം Indirect Petition Registerഉം പരിശോധിച്ചതിൽ ഇത്തരത്തിൽ ഒരു പരാതി കണ്ടെത്താൻ സാധിച്ചിട്ടില്ലായെന്ന് റിപ്പോർട്ട് ലഭിച്ചിട്ടുള്ളതാണെന്നും 28.10.2021- തീയതിയിലും ഇതേ വിഷയം ഉന്നയിച്ച് അപേക്ഷ ലഭിച്ചുവെന്നും ആയത് ഒരേ വിഷയത്തിലേക്ക് വിവരങ്ങൾ ആവശ്യപ്പെടുന്നത് ദുരുപയോഗമായതിനാൽ ആയതിന് ഉത്തരം നൽകേണ്ടതില്ല എന്ന മറുപടി അയച്ചിട്ടുള്ളതാണെന്ന് അറിയിച്ചിട്ടുണ്ടെന്നും അപേക്ഷകൻ 19.6.2019-ൽ പരാതി നൽകിയിട്ടുള്ളതായി പറയുന്നത് പേരൂർക്കട പോലീസ് സർക്കിൾ ഇൻസ്പെക്ടർക്കാണെന്നും ആയതുകൊണ്ട് അപേക്ഷകനിൽ നിന്നും 22.12.2021-ൽ ലഭിച്ച അപ്പീൽ അപേക്ഷയിന്മേൽ ടി ഓഫീസിൽ നിന്നും റിപ്പോർട്ട് ശേഖരിച്ച് 5.1.2022-ന് അപേക്ഷകന് മറുപടി നൽകിയിട്ടുള്ളതാണെന്നുമാണ്

5. അപ്പീൽ ഹർജി ബന്ധപ്പെട്ട രേഖകൾ ഹിയറിംഗ് വേളയിൽ ഹർജിക്കാരന്റെ പ്രതിനിധി, ഒന്നാം എതിർകക്ഷി എന്നിവർ ബോധിപ്പിച്ച വസ്തുതകൾ എന്നിവ കമ്മീഷൻ വിശദമായി പരിശോധിച്ചു. വിവരാവകാശ അപേക്ഷയിൽ ആവശ്യപ്പെട്ട ശ്രീ. ജോർജ് തോമസിനെതിരെ 19.6.2019-ന് പരാതി നൽകിയിരുന്നത് പേരൂർക്കട സർക്കിൾ ഇൻസ്പെക്ടർക്കാണെന്ന് കാണുന്നു. ആയതിനാൽ സർക്കിൾ ഇൻസ്പെക്ടർ ഓഫീസിലെ രജിസ്റ്ററിലായിരിക്കാം ടി പെറ്റീഷൻ രേഖപ്പെടുത്തിയിരുന്നത് ആയതുകൊണ്ടായിരിക്കാം പേരൂർക്കട പോലീസ് സ്റ്റേഷനിൽ നൽകിയ വിവരാവകാശ അപേക്ഷയിൽ പരാമർശിച്ച ഒരു പരാതി ലഭിച്ചിട്ടില്ലായെന്ന് ഒന്നാം എതിർകക്ഷി മറുപടി

നൽകിയിട്ടുള്ളത്. എന്നാൽ 12.10.2021-ന് ഹർജിക്കാരൻ നൽകിയ വിവരാവകാശ അപേക്ഷയിൽ വളരെ വ്യക്തമായി ശ്രീ. ജോർജ് തോമസിനെതിരെ 19.6.2019-ന് സർക്കിൾ ഇൻസ്പെക്ടർക്ക് നൽകിയ പരാതിയെന്ന് രേഖപ്പെടുത്തിയിട്ടുള്ളതിനാൽ ടി വിവരം സർക്കിൾ ഓഫീസിലാണ് ലഭ്യമാകുക എന്ന് പ്രഥമദൃഷ്ട്യാ തന്നെ ബോധ്യമാകുന്നതാണ്. ആയതിനാൽ ഒന്നുകിൽ ടി വിവരം സർക്കിൾ ഓഫീസിൽ നിന്നും ലഭ്യമാക്കി ഹർജിക്കാരന് നൽകുകയോ അല്ലെങ്കിൽ വിവരാവകാശ നിയമം 6(3) വകുപ്പ് പ്രകാരം വിവരം ലഭ്യമാകുന്ന ഓഫീസിലേയ്ക്ക് അപേക്ഷ കൈമാറി വിവരം ഹർജിക്കാരനെ അറിയിക്കുകയോ ആണ് ഒന്നാം എതിർക്ക്ഷി ചെയ്യേണ്ടിയിരുന്നത്. അപ്രകാരം നടപടി സ്വീകരിക്കാതെ, റിക്കോർഡുകൾ പരിശോധിച്ചതിൽ 'ഇത്തരത്തിൽ ഒരു പരാതി ലഭിച്ചിട്ടില്ല', 'ഒരേ പോലുള്ള അപേക്ഷകൾ അയക്കുന്നത് വിവരാവകാശ നിയമത്തിന്റെ ദുരുപയോഗമാണ്' എന്നിങ്ങനെയുള്ള മറുപടി നൽകിയത് വിവരാവകാശ നിയമം 6(3), 7(1) എന്നീ വകുപ്പുകളുടെ ലംഘനവും 20(1) വകുപ്പ് പ്രകാരം ശിക്ഷാർഹവുമാണ്. ആയതിനാൽ ടി വീഴ്ചയ്ക്ക് കാരണക്കാരനായ പരാമർശിത കാലയളവിലെ ഒന്നാം എതിർകക്ഷിയായിരുന്ന ശ്രീ. സജികുമാർ വി.യ്ക്കെതിരെ ശിക്ഷാനടപടി സ്വീകരിക്കുവാൻ കമ്മീഷൻ താത്ക്കാലികമായി തീരുമാനിക്കുന്നു. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും ബോധിപ്പിക്കാനുണ്ടെങ്കിൽ, ആയത് ഈ ഉത്തരവ് കൈപ്പറ്റി 15 ദിവസത്തിനകം രേഖാമൂലം കമ്മീഷൻ മുമ്പാകെ ബോധിപ്പിക്കേണ്ടതാണ്. നിശ്ചിത സമയത്തിനുള്ളിൽ യാതൊരു വിശദീകരണവും ലഭിച്ചിട്ടില്ലെങ്കിൽ ടി എതിർകക്ഷിയ്ക്ക് യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ ടി വകുപ്പ് പ്രകാരമുള്ള അന്തിമ ഉത്തരവ് കമ്മീഷൻ പുറപ്പെടുവിക്കുന്നതാണ്. ഇക്കാര്യത്തിൽ ടി എതിർകക്ഷിയ്ക്ക് കമ്മീഷൻ മുമ്പാകെ എന്തെങ്കിലും നേരിൽക്കണ്ട് ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് ടിയാന്റെ വിശദീകരണത്തിൽ വ്യക്തമാക്കേണ്ടതുമാണ്.

6. വിവരാവകാശ നിയമപ്രകാരം അപ്പീൽ തീർപ്പാക്കുന്നത് ഒരു അർദ്ധജുഡീഷ്യൽ പ്രവർത്തിയാണ്. ആയതിനാൽ നീതി നടപ്പിലാക്കുക മാത്രമല്ല നീതി നടപ്പാക്കിയെന്ന് ഉറപ്പു വരുത്തേണ്ടതിന്റെയും ചുമതല അപ്പീൽ അധികാരിയിൽ നിക്ഷിപ്തമാണ്. ഇക്കാര്യത്തിൽ എസ്.പി.ഐ.ഒ. ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ 'ഹർജിക്കാരൻ ആവശ്യപ്പെട്ട തരത്തിലുള്ള ഒരു പരാതി ലഭിച്ചിട്ടില്ല' എന്ന മറുപടി ശരി വച്ചുകൊണ്ട് അപ്പീൽ തീർപ്പാക്കുകയാണ് ചെയ്തിട്ടുള്ളത്. ടി മറുപടിയിൽ അപ്പീൽ കാലാവധി, രണ്ടാം അപ്പീലധികാരിയുടെ വിലാസം എന്നിവ രേഖപ്പെടുത്താതെയും സ്വയം വിശദീകരിക്കുന്ന തരത്തിലുമുള്ള ഉത്തരവ് അല്ല രണ്ടാം എതിർകക്ഷി പുറപ്പെടുവിച്ചിട്ടുള്ളത്. ആയതിനാൽ ടി വീഴ്ചകൾക്കുള്ള വിശദീകരണം രണ്ടാം എതിർകക്ഷി 20.5.2022-നകം കമ്മീഷനിൽ ഹാജരാക്കേണ്ടതാണ്.

7. ഹർജിക്കാരൻ 12.1.2022-ന് നൽകിയ വിവരാവകാശ അപേക്ഷയിലെ 4-ാമത് ഇനത്തിൽ ആവശ്യപ്പെട്ട, ഹർജിക്കാരൻ 19.6.2019-ന് നൽകിയ പരാതിയുടെ പകർപ്പ് നിഷേധിച്ചിട്ടുള്ളതായി കാണുന്നു. ഒരു പൊതു അധികാരിക്ക് നൽകുന്ന പരാതികൾ പൊതുരേഖ തന്നെയാണ് എന്നതിനാൽ ആയത് നൽകേണ്ടത് തന്നെയാണ്. ആയതിനാൽ ടി പരാതിയുടെ പകർപ്പ് 20.5.2022-നകം ഹർജിക്കാരന് സൗജന്യമായി ഒന്നാം എതിർകക്ഷി ലഭ്യമാക്കി നൽകേണ്ടതാണ്.

8. ഹർജിക്കാരൻ വിവരാവകാശ നിയമപ്രകാരം സമർപ്പിച്ച അപേക്ഷ വേണ്ടവിധം പരിശോധിക്കാതെ ആവശ്യപ്പെട്ട പൂർണ്ണ വിവരങ്ങൾ സമയബന്ധിതമായി നൽകുന്നതിൽ പേരൂർക്കട പോലീസ് സ്റ്റേഷൻ പബ്ലിക് ഇൻഫർമേഷൻ ഓഫീസർ ഗുരുതരമായ കൃത്യവിലോപം നടത്തിയിരിക്കുന്നതായി കാണുന്നു. ഹർജിക്കാരൻ പല തവണ അപേക്ഷകളും, അപ്പീൽ അപേക്ഷകളും നൽകിയിട്ടുപോലും ആവശ്യപ്പെട്ട രേഖ ലഭിക്കാത്തതിനാൽ ടിയാന് ബുദ്ധിമുട്ടുകളും, സാമ്പത്തികനഷ്ടവും നേരിട്ടുവെന്നും ആയത് പേരൂർക്കട പോലീസ് സ്റ്റേഷനിലെ ഉദ്യോഗസ്ഥരുടെ നിരുത്തരവാദപരമായ നടപടികൾ മൂലമാണെന്നും, ആയതിനാൽ എതിർകക്ഷികളിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി നൽകണമെന്നുമാണ് ഹർജിക്കാരനും ടിയാന്റെ പ്രതിനിധിയും ഹിയറിംഗ് വേളയിൽ കമ്മീഷൻ മുമ്പാകെ ആവശ്യപ്പെട്ടിട്ടുള്ളത്. ആയതിനാൽ ഇക്കാര്യത്തിൽ വിവരാവകാശ നിയമത്തിലെ 19(8) (ബി) വകുപ്പ് പ്രകാരം എന്തുകൊണ്ട് തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുടെ കാര്യാലയത്തിൽ നിന്നും നഷ്ടപരിഹാരം ഈടാക്കി ഹർജിക്കാരന് നൽകേണ്ടതില്ല എന്നത് സംബന്ധിച്ച് എന്തെങ്കിലും ബോധിപ്പിക്കുവാനുണ്ടെങ്കിൽ ആയത് സംബന്ധിച്ച വിശദീകരണം തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർ 20.5.2022-നകം കമ്മീഷൻ മുമ്പാകെ ലഭ്യമാക്കേണ്ടതാണ്. ആയതിനായി ഈ ഉത്തരവിന്റെ പകർപ്പ് കമ്മീഷൻ സെക്രട്ടറി തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണർക്ക് അയച്ചു കൊടുക്കേണ്ടതാണ്.

9. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി താത്ക്കാലികമായി തീർപ്പാക്കി ഇന്നേ ദിവസം 2022 മേയ് 6-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

STATE INFORMATION COMMISSION * KERALA, THIRUVANANTHAPURAM

us